(ബി) ഈ കാലയളവിൽ ഇൻഡ്യയിൽ എന്തു തുകയുടെ വിദേശ മുതൽമുടക്ക് ഉണ്ടായിട്ടുണ്ടെന്ന് അറിയുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേരളത്തിന് ലക്ഷ്യമിട്ട തോതിലുള്ള വിദേശ മുതൽമുടക്ക് ഈ കാലഘട്ടത്തിലുണ്ടായിട്ടുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം അതിന് എന്തു പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്തൊട്ടാകെയുള്ള വിദേശ മുതൽമുടക്കിന്റെ ഈ കാലയളവിൽ കണക്ക് പ്രത്യേകമായി സൂക്ഷിക്കാറില്ല. ഇതു മിക്കവാറും കൈകാര്യം ചെയ്യുന്നത് വിവിധ ധനകാര്യ സ്ഥാപനങ്ങളാണ്. വിദേശ മുതൽമുടക്ക് പല മേഖലയിലായിട്ടാണ് കാണുന്നത്. വ്യവസായം, ജലസേചനം, വൈദ്യുതി മുതലായവ ഇതിനുദാഹരണമാണ്. മാത്രവുമല്ല സഹകാര്യ പങ്കാളിത്തത്തോടുള്ള നിക്ഷേപങ്ങളും സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) വിവരം ലഭ്യമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

15 (*71) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളാണ് വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നിധി സ്വരൂപിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എത്ര കോടിയുടെ നിധി എന്ന് പറയുമോ;

(ഡി) പ്രസ്തുത നിധി എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള നിധിയുടെ ചുമതല ആരിലെല്ലാമാണ് നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(എഫ്) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിക്കാനുദ്ദേശമുണ്ടോ; എങ്കിൽ പ്രസ്തുത കമ്മറ്റിയുടെ ഘടന എന്തെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായുള്ള നിധി സ്വരൂപിക്കാൻ നിയമനിർമ്മാണം ആവശ്യമായി വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) റോഡ്, ജലസേചനം, ശുദ്ധജല വിതരണം, ഉൾനാടൻ ജലഗതാഗതം, വൈദ്യുതി, തുറമുഖം, ചവർ സംസ്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. 500 കോടി രൂപയുടെ നിധി.

(ഡി) കടപ്പത്രം വഴി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ് നിധി സ്വരൂപിക്കുന്നത്.

(ഇ) നിധിയുടെ ചുമതല ഇതിന്റെ ബോർഡിനാണ്.

(എഫ്)നിധിയുടെ ചുമതല ചീഫ് സെക്രട്ടറി ചെയർമാനായും സീനിയർ സെക്രട്ടറിമാരുൾപ്പെടെയുള്ള 9 അംഗ ബോർഡാണ് കൈകാര്യം ചെയ്യുന്നത്. ബോർഡിന് പ്രത്യേക ഭരണ സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(ജി) നിയമനിർമ്മാണം ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാലും ഓർഡിനൻസ് പുറപ്പെടുവിച്ചപ്പോൾ തന്നെ നിയമമായിക്കഴിഞ്ഞു.

16 (*72) റോഡ് സുരക്ഷാ പദ്ധതികൾ

ശ്രീ. പി.എസ്. സുപാൽ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ പദ്ധതികൾ ഊർജ്ജിതമാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) റോഡ് സുരക്ഷയ്ക്കു വേണ്ടി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനു വേണ്ടി ഏതെല്ലാം ഫണ്ടുകളാണ് ഏകോപിപ്പിക്കുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) ജി.ഒ. (എം.എസ്.) 55/97/പി.ഡബ്ല്യൂ. ആന്റ് ടി. ഉത്തരവു പ്രകാരം ഉന്നതതല കമ്മിറ്റിയും, ജി.ഒ.(എം.എസ്) 91/97/പി. ഡബ്ല്യൂ. ആന്റ് ടി.

LIBRARY ARCHIVES Kerala Legislative Assembly